ഭരണഭാഷ -മാതൃഭാഷ

എൽ.ആർ.ബി3-32788/2019

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ളിക് ഓഫീസ് കോമ്പൗണ്ട്
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം
തീയതി: 31/01/2020.

## സർക്കുലർ

വിഷയം:- കേരള ഭൂനികുതി നിയമം - ഭൂനികുതി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. ഈ കാര്യാലയത്തിലെ 24.06.2017-ലെ എൽ.ആർ.ബി8-31482/2017 നമ്പർ സർക്കുലർ.
2. 05.02.2019-ലെ 3410/2019 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം.
3. 20.08.2019-ലെ റവ-ജി3-264/2019-റവ നമ്പർ സർക്കാർ കത്ത്.

1961-ലെ കേരള ഭൂനികുതി നിയമത്തിന് വിരുദ്ധമല്ലാത്ത എല്ലാ കേസുകളിലും ഭൂനികുതി വാങ്ങണമെന്ന് വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഭൂനികുതി അടച്ച് നൽകുന്നതിൽ കാലതാമസം വന്നിരുന്നതിനാൽ ജനങ്ങൾക്ക് പ്രയാസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് ഒഴിവാക്കുന്നതിലേയ്ക്കായി സൂചന (1) പ്രകാരം ഭൂനികുതി സ്വീകരിക്കുന്നതിന് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി സർക്കുലറിലെ നിർദ്ദേശ പ്രകാരം ഭൂനികുതി സ്വീകരിക്കുന്നില്ലായെന്ന് ബോധിപ്പിച്ചുകൊണ്ട് ഫയൽ ചെയ്ത 3410/2019 നമ്പർ റിട്ട് പെറ്റീഷൻ പരിഗണിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 1961-ലെ ഭൂനികുതി നിയമത്തിലെയും 1972-ലെ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂനികുതി സ്വീകരിക്കാതിരിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവരിൽ നിന്നും അക്കാരണത്താൽ സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം പ്രതിവർഷം 18% പലിശ സഹിതം ഈടാക്കുന്നതിന് ഉത്തരവാകുന്നതാണെന്ന് വിധി പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആകയാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് സർക്കുലർ നിർദ്ദേശം നൽകി വിവരം റിപ്പോർട്ട് ചെയ്യുവാൻ സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1961-ലെ ഭൂനികുതി നിയമത്തിലെയും 1972-ലെ ഭൂനികുതി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭൂനികുതി സ്വീകരിക്കാതിരിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ തഹസിൽദാർ എന്നിവരിൽ നിന്നും, ഖജനാവിനുണ്ടാകുന്ന നഷ്ടം 18% പലിശ സഹിതം, ഈടാക്കുന്നതാണ്.

2. വസ്തു ഉടമ ഭൂനികുതി അടയ്ക്കുവാൻ അപേക്ഷ നൽകുന്ന തീയതി മുതൽ അടയ്ക്കുന്ന തീയതി വരെയാണ് പലിശ കണക്കാക്കുന്നത്.

3. ടി തുക ഭൂനികുതി അടച്ച് നൽകുവാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും തുക നേരിട്ട് പിൻവലിച്ച് സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതാണ്.

(ഒപ്പ്/-)
**കമ്മീഷണർ**

1. പ്രിൻസിപ്പൽ സെക്രട്ടറി
   റവന്യൂ (ജി) വകുപ്പ്
   സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ കളക്ടർമാർക്കും.
3. കമ്മീഷണറുടെ സി.എ.
4. ജോയിന്റ് കമ്മീഷണറുടെ സി.എ.
5. എല്ലാ തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും (ജില്ലാ കളക്ടർ മുഖേന)
6. കരുതൽ ഫയൽ.

അംഗീകാരത്തോടെ

അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ.)

റ്റി5